## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *409

20-10-2016-ൽ
മറുപടി നൽകേണ്ടത്

## യുവാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ വളർന്നു വരുന്ന അരാഷ്ട്രീയത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ<br>ശ്രീ എ. എൻ. ഷംസീർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീമതി വീണാ ജോർജ്ജ് | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമിടയിൽ ജാതീയതയും വർഗ്ഗീയതയും അതിന്റെ പരിണിത ഫലമായ തീവ്രവാദവും വർദ്ധിച്ചു വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | എ) ഇല്ല. |
| ബി) യുവാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ വളർന്നു വരുന്ന അരാഷ്ട്രീയത പ്രതിലോമശക്തികൾക്ക് വളരാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനാൽ വർഗ്ഗീയതക്കും ജാതീയതയ്ക്കുമെതിരായി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതേതര ജനാധിപത്യമൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. എൻ.എസ്.എസ്, ആന്റി റാംഗിംഗ് കമ്മിറ്റി, വിവിധ നിയമ സഹായ കേന്ദ്രങ്ങളുടെ നേതൃത്വത്തിലുള്ള കൗൺസിലിംഗ്, പ്രമുഖവ്യക്തികൾ നയിക്കുന്ന ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളിൽ വർഗ്ഗീയതക്കും, ജാതീയതയ്ക്കുമെതിരായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) മതേതര ജനാധിപത്യ മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി കാമ്പസ് രാഷ്ട്രീയത്തിലെ അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കിക്കൊണ്ട് കാമ്പസ് രാഷ്ട്രീയ നിരോധനം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | സി) കാമ്പസ് രാഷ്ട്രീയത്തിൽ കടന്നുവന്നിട്ടുള്ള ഏതുതരത്തിലുള്ള അനഭിലഷണീയ പ്രവണതകളെയും കണ്ടെത്തി അവ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rakesh

സെക്ഷൻ ഓഫീസർ